ഭക്ഷ്യാവശ്യത്തിനു കൊണ്ടുവരുന്ന കോഴിമാംസം പരിശോധിക്കുവാൻ നടപടി

112 [2868] *ശ്രീ. കെ. മോഹൻകുമാർ:*
„ *ജി. പ്രതാപവർമ്മ തമ്പാൻ:*
„ *ഇ. എം. അഗസ്തി:*
„ *കെ. എ. ചന്ദ്രൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യാവശ്യത്തിനായി സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കോഴികളുടെ മാംസം രോഗവാഹിയാണോ എന്ന് പരിശോധിക്കാറുണ്ടോ;

(ബി) സ്റ്റിറോയിഡ് ചേർന്ന കോഴിത്തീറ്റ കൊടുത്തു വളർത്തുന്ന കോഴികളെയാണ് സംസ്ഥാനത്തേക്ക് കടത്തുന്നതെന്ന റിപ്പോർട്ടുണ്ടോ;

(സി) പുറത്തുനിന്ന് ഈ സംസ്ഥാനത്തേക്ക് കടത്തുന്ന കോഴിയിറച്ചി പതിവായി കഴിക്കുന്ന പലർക്കും സ്ഥൂലിച്ച ശരീരം ഉണ്ടാവുകയും പെൺകുട്ടികൾ ചെറുപ്രായത്തിൽത്തന്നെ രജസ്വലയാവുകയും പല കുട്ടികൾക്കും മാരകരോഗമുണ്ടാകുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുറത്തുനിന്ന് ഭക്ഷ്യ ആവശ്യത്തിന് കൊണ്ടുവരുന്ന കോഴികളുടെ മാംസം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വില്പനയ്ക്കായി പുറത്തുനിന്നും കൊണ്ടുവരുന്ന കോഴികൾക്ക് രോഗമില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ കോഴിമാംസത്തിൽ ഹോർമോണുകളോ ആന്റിബയോട്ടിക്ക് അവശിഷ്ടങ്ങളോ ഉണ്ടെന്നുകണ്ടെത്തുവാനുള്ള പരിശോധന നടത്തുവാനുള്ള സംവിധാനം വകുപ്പിൽ ഇപ്പോൾ നിലവിലില്ല.

(ബി) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സഹായത്തോടെ മാംസം, പാൽ മുതലായവ പരിശോധിക്കുന്നതിനായി എറണാകുളത്ത് അത്യാധുനിക സൗകര്യങ്ങളോടെ ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നൂതന മാർഗ്ഗങ്ങൾ

113 [2839] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
„ *ടി. പി. രാമകൃഷ്ണൻ:*
„ *എ. കെ. ബാലൻ:*
„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ 2004-2005 സാമ്പത്തികവർഷം എത്രകോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly